ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് പദ്ധതി

73(1135) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി തുല്യതാ കോഴ്സിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സാക്ഷരതാ മിഷൻ സമർപ്പിച്ച പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ബി) പത്താതരം തുല്യത വിജയിച്ചവർ, ഔപചാരിക പത്താംതരം വിജയിച്ച് പഠനം തുടരാൻ കഴിയാത്തവർ, പ്രീ-ഡിഗ്രി കോഴ്സ് വിജയിക്കാത്തവർ എന്നിവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ അവസരം നൽകുക, പഠനം നഷ്ടപ്പെട്ടുപോയവരെ അതിലേക്ക് തിരികെ കൊണ്ടുവന്ന് ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ ഉതകുന്ന ക്രിയാത്മകവും വിമർശനാത്മകവുമായ ചിന്ത വളർത്തുക, പഠിതാക്കളിൽ തൊഴിൽ/സംരംഭകത്വശേഷി വളർത്തുക, പാർശ്വവൽക്കരിക്കപ്പെട്ടവരിലും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരിലും പുനർപഠനത്തിലൂടെ ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തുക എന്നിവ കൈവരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഹയർ സെക്കണ്ടറി തുല്യതാ കോഴിസിന്റെ (ഹ്യൂമാനിറ്റീസ്, കോമേഴ്സ്) പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും സമ്പർക്ക പഠനക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യോഗ്യരും പരിചയ സമ്പന്നരുമായ അധ്യാപകരെ തെരഞ്ഞെടുത്ത് ജില്ലാ തലങ്ങളിൽ വച്ച് പരിശീലനം നൽകി ഹയർ സെക്കണ്ടറി സമ്പർക്ക പഠന ക്ലാസ്സുകൾ ജില്ലാതലത്തിൽ നടത്തി വരികയും ചെയ്യുന്നുണ്ട്. ജില്ലകളിൽ 213 സമ്പർക്ക പഠന കേന്ദ്രങ്ങളിലായി 18,368 പഠിതാക്കൾ ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പഠനം നടത്തിവരുന്നു. പൊതു പരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിലാണ് നടത്തുന്നത്. SCERT-യുടെ സഹകരണത്തോടെ ഹയർ സെക്കണ്ടറി പഠന സാമഗ്രികൾ തയ്യാറാക്കി 10 വിഷയങ്ങൾക്ക് 13 പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തു.

GPM. 2/239/2020-18

LIBRARY ARCHIVES Kerala Legislative Assembly